(ബി) നിരത്തുകളും പാലങ്ങളും

7/2013 മുതൽ 11/2013 വരെയുള്ള മാസങ്ങളിലെ ബില്ലുകൾ കുടിശ്ശികയുണ്ട്.

കെ.എസ്.ടി.പി.

കെ.എസ്.ടി.പി പദ്ധതിയിൽ ചെയ്യുന്ന പ്രവൃത്തികളുടെ ബില്ലുകൾ യഥാസമയം നൽകുന്നുണ്ട്.

ദേശീയപാതാ വിഭാഗം

രണ്ടു മാസത്തെ ബില്ലുകൾ കുടിശ്ശികയുണ്ട്.

കെട്ടിടവിഭാഗം

7/2013 മുതൽ 11/2013 വരെ 5 മാസത്തെ ബില്ലുകൾ കുടിശ്ശികയുണ്ട്.

(സി) ബില്ലുകൾ യഥാസമയം മാറി നൽകാത്തതുകൊണ്ട് കോൺട്രാക്ടർമാർ പ്രവൃത്തി ടെണ്ടറുകൾ ഏറ്റെടുക്കാത്ത സാഹചര്യം നിലവിലില്ല.

(ഡി) നിരത്തുകളും പാലങ്ങളും

ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ചെലവ്**

**330 (1401)** ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നുവരുന്നതുമായ പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര കോടി രൂപയുടേതാണെന്ന് വ്യക്തമാക്കാമോ ;

(ബി) കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ ഇനിയും പാസ്സാക്കി കൊടുത്തിട്ടില്ലാത്തവ മൊത്തം എന്ത് തുകയുടേതാണ് ;

(സി) ഇതിനകം ഭരണാനുമതി നല്കിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര ;

(ഡി) നിർമ്മാണത്തിലിരിക്കുന്നതും, നിർമ്മാണം പൂർത്തിയാക്കിയതും, ഭരണാനുമതി നൽകിയിട്ടുള്ളതുമായ പൊതുമരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി വരുന്നതായി കണക്കാക്കുന്ന മൊത്തം തുക എത്രയാണ് ; ഇതിനായി തന്നാണ്ടിലെ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തപ്പെട്ടിട്ടുണ്ട് ; വകയിരുത്തിയ തുകയിൽ ഇതിനകം ചെലവായിട്ടുള്ള തുക എത്രയാണ് എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെട്ടിട വിഭാഗം

നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ മൊത്തം ചെലവ് ഏകദേശം 377 കോടി രൂപ വരും എന്ന് പ്രതീക്ഷിക്കുന്നു.

കെ.എസ്.ടി.പി.

ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന രണ്ട് പദ്ധതികൾക്ക് 2403 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

നിരത്തുകളും പാലങ്ങളും

പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 3239.66 കോടി രൂപ.

ദേശീയപാതാ വിഭാഗം

നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നടന്നുവരുന്നതുമായ പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 687.82 കോടി രൂപയുടേതാണ്.

(ബി) കെട്ടിട വിഭാഗം

11/2013 വരെയുള്ള തുക 208.93 കോടി രൂപ.

കെ.എസ്.ടി.പി.

പ്രവൃത്തികളുടെ ബില്ലുകൾ യഥാസമയം കരാറുകാർക്ക് നൽകുന്നുണ്ട്. കുടിശ്ശിക ഇല്ല.

നിരത്തുകളും പാലങ്ങളും

കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ 7/2013-11/2013 മാസം വരെയുള്ള കുടിശ്ശിക 491.07 കോടി രൂപ.

ദേശീയപാതാ വിഭാഗം

കോൺട്രാക്ടർമാർ സമർപ്പിച്ച 21.54 കോടി രൂപയുടെ ബില്ലുകൾ ഇനിയും പാസ്സാക്കിക്കൊടുത്തിട്ടില്ലാത്തവയാണ്.

(സി) കെട്ടിട വിഭാഗം

2013-14 സാമ്പത്തിക വർഷത്തിൽ ഇതിനകം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് അനുബന്ധം I.* ആയി ചേർക്കുന്നു.

കെ.എസ്.ടി.പി.

2403 കോടി രൂപ.

നിരത്തുകളും പാലങ്ങളും

പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് - 3017.78 കോടി രൂപ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ദേശീയപാത വിഭാഗം

605.17 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ്.

(ഡി) കെട്ടിട വിഭാഗം

നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം പൂർത്തിയാക്കിയതും ഭരണാനുമതി നൽകിയിട്ടുള്ളതുമായ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിലെ പ്രവൃത്തികൾക്ക് വേണ്ടിവരുന്ന തുക 719.78 കോടി രൂപ. ഇതിനായി തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ വിശദവിവരം അനുബന്ധം II* ആയി ചേർക്കുന്നു.

കെ.എസ്.ടി.പി.

രണ്ട് പദ്ധതികൾക്ക് 2403 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. 2013-14 സാമ്പത്തിക വർഷം 280.28 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇതിൽ ഇതുവരെ 129.25 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

നിരത്തുകളും പാലങ്ങളും

1. മൊത്തം തുക - 4196.38 കോടി രൂപ.
2. 2013-14 ബഡ്ജറ്റിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ വകയിരുത്തിയ തുക - പദ്ധതിയിനം 262.67 കോടി രൂപ, പദ്ധതിയേതരയിനം 840.56 കോടി രൂപ.
3. ഇതുവരെ ചെലവായ തുക - പദ്ധതിയിനം 770.35 കോടി, പദ്ധതിയേതരയിനം 511.51 കോടി രൂപ.

ദേശീയപാതാ വിഭാഗം

1. 687.82 കോടി രൂപ വേണ്ടി വരുന്നതായി കണക്കാക്കുന്നു.
2. 65.85 കോടി രൂപ 2013-14-ൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.
3. 6.49.53 കോടിരൂപ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവായിട്ടുണ്ട്.

## ഇട്ടിയപ്പാറയിലെ ശബരിമല പിൽഗ്രിം സെന്റർ

331 (1402) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി ഇട്ടിയപ്പാറയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ശബരിമല പിൽഗ്രിം സെന്ററിന്റെ ഭരണാനുമതി നൽകിയതെന്നാണ് ;

(ബി) ഇതിന്റെ നിർമ്മാണം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത് ;

(സി) ഇതിനു സാങ്കേതികാനുമതി നൽകുന്നതിനായി സമർപ്പിച്ചിട്ടുള്ള ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ, കാരണം വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.